# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4635 — 29.6.2012-ൽ മറുപടിയ്ക്ക്

## നഗരഹരിത പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം. വി. ശ്രേയാംസ് കുമാർ:<br>ഡോ. എൻ. ജയരാജ് :<br>ശ്രീ. പി. സി. ജോർജ് :<br>,, റോഷി അഗസ്റ്റിൻ : | | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗരഹരിത പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശമാക്കുമോ ; | (എ) | നഗരപ്രദേശങ്ങളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ ഹരിതനഗരി പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കുന്നതെന്നും, പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത നഗരപ്രദേശത്ത് നടപ്പാക്കുന്നു. രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം കുറച്ചുകൊണ്ട് പച്ചക്കറി ഉൽപ്പാദനത്തിൽ ഓരോ വീടും സ്വയംപര്യാപ്തമാകണമെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതി വീടുകളിലെ ജൈവമാലിന്യങ്ങൾ ഉപയോഗിച്ച് ജൈവവളങ്ങൾ വീടുകളിൽത്തന്നെ ഉണ്ടാക്കുന്നതിനുള്ള പ്രോത്സാഹനവും നൽകുന്നു. |
| (സി) | നഗരഹരിത പദ്ധതി എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | 2012–13 സാമ്പത്തിക വർഷം എല്ലാ ജില്ലകളിലും ഹരിതനഗരി പദ്ധതി നടപ്പിലാക്കുന്നുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**